⇨ ഓട്ടോറിക്ഷയുടെ മുകളിൽപോലും 'ബിനാലെ ടച്ച്' പലരൂപത്തിൽ കണ്ടു ⇨

Kochi-
Muziris
Biennale
2016

# ബിനാലെ അകവും പുറവും

ബിനാലെ വേദികളുടെ ഉള്ളിലെ ഉൾക്കാഴ്ചകൾ മാത്രമല്ല, ഫോർട്ട് കൊച്ചിയിലെ ചുമരകളും ഇടനാഴികളും കരുതിവച്ചിരിക്കുന്ന കഥകൾ കൂടി പകർത്തിയെഴുതിക്കൊണ്ട് വ്യത്യസ്തമായ ഒരു കൊച്ചിൻ–മുസിരിസ് ബിനാലെ അനുഭവം പങ്കുവയ്ക്കുന്നു.

**പി.എം. ജയൻ**

**ഏറെ** ആശയക്കുഴപ്പങ്ങളുടെയും വിവാദങ്ങളുടെ യും അകമ്പടിയോടെയാണ് 2012ൽ ബിനാലെ കേരള ത്തിൽ വേരുറപ്പിച്ചതെങ്കിലും മൂന്നാംഘട്ട ബിനാലെ യോടെ വിമർശങ്ങളെല്ലാം കാറ്റെടുത്തുപോയെന്നു തോന്നുന്നു. എന്നുവെച്ച് ഈ ആശങ്കകളെല്ലാം അ സ്ഥാനത്തായെന്നല്ല, വിമർശമുന്നയിച്ചവരെയോ അ വരുയർത്തിയ ആശയങ്ങളെയോ പിൻതള്ളി ബിനാ ലെ എന്ന കോർപ്പറേറ്റ്സമാനമായ കലാപ്രസ്ഥാനം മുന്നേറിയെന്നേ കാണേണ്ടതുള്ളൂ (പ്രതിഷേധക്കാർ ഒഴിഞ്ഞെങ്കിലും ആ സംവാദം ഇപ്പോഴും ഏറെ പ്രസ ക്തിയോടെ അന്തരീക്ഷത്തിലെവിടെയോ തങ്ങിനിൽ പ്പുണ്ട്). ഇത്തരമൊരാശയക്കുഴപ്പത്തിൽപ്പെട്ടും സമയ മൊത്തുവരാത്തതിനാലും ഇതിനകം കഴിഞ്ഞ രണ്ട് ബിനാലെയിലും തലയിടാൻ ഈയുള്ളവന് കഴിഞ്ഞി രുന്നില്ല. അങ്ങനെയിരിക്കെ ഇത്തവണ പോയിട്ടുത ന്നെ കാര്യമെന്ന് ശഠിക്കുകയും ഫോർട്ട് കൊച്ചിയി ലേക്ക് വെച്ചുപിടിക്കുകയുമായിരുന്നു. അതികാലത്ത് പ്രവേശനസമത്തിനുമുൻപേ എത്തിയതിനാൽ പ്രധാ ന വേദിയായ ആസ്പിൻവാൾ ഹൗസ് അടഞ്ഞുകിട പ്പായിരുന്നു. പുറംകാഴ്ചകളിലൂടെ ഉഴറിനടന്നു മണി ക്കൂറുകളോളം. കോഴിക്കോട്ടെ സ്ഥിരം കാഴ്ചാനുഭവ ത്തിൽനിന്ന് വ്യത്യസ്തമായി ഫ്രഞ്ച്/ജൂത/മുസ്ലീം സമ്മിശ്രവും വ്യാപാരനിബിഡവുമായ ഫോർട്ട് കൊ ച്ചി/ മട്ടാഞ്ചേരി സാംസ്കാരിക പരിസരം തന്നെ മന സ്സിന് കുളിരേകിയ കലാനുഭവമായിരുന്നു. റോഡിലെ വിടെയും സന്ദർശകരെ എതിരേൽക്കാനെന്നവണ്ണം, ചപ്പുചവറുകളും പോസ്റ്ററും തിന്നലയുന്ന ആടുകൾ മലയാള സാഹിത്യത്തിലെ സുൽത്താനെയാണ് (ബ ഷീർ) അനുസ്മരിപ്പിച്ചത്. ഫോട്ടോയ്ക്ക് നന്നായി പോസ് ചെയ്തുതരുന്ന അനുസരണയുള്ള ജീവിയാ യി ബിനാലെയുടെ പരിസരവീഥികളിൽ ആടൊരു താരമായിരുന്നു.

പഴമയുടെ ചൂരുള്ള കെട്ടിടങ്ങളുടെയും കൂറ്റൻ മ രങ്ങളുടെയും പശ്ചാത്തലത്തിൽ റോഡിനിരുവശ ത്തെയും ചുമരുകളെല്ലാം വർണാഭയോടെ ബിനാലെ യെ വിളിച്ചറിയിക്കുന്നുണ്ട്. ബിനാലെ വെന്യൂകൾക്ക് പുറത്തെ ചുമരുകളിലും ആനന്ദദായകവും ചിന്തോ ദ്ദീപവുമായ കാഴ്ചാനുഭവം ഒത്തിരിയുണ്ട്. കോർപ്പ റേഷന്റെ ശുചീകരണ തൊഴിലാളികളുടെ കുപ്പായ ത്തിലും എന്തിന് ഓട്ടോറിക്ഷയുടെ മുകളിൽപോലും 'ബിനാലെ ടച്ച്' പലരൂപത്തിൽ കണ്ടു. എല്ലാത്തിനെ യും സ്കാൻ ചെയ്തുകൊണ്ട് അലയുകയായിരുന്നു കണ്ണും മനസ്സും. അങ്ങനെയിരിക്കെ ഒട്ടുമാവിന്റെ മറ വിലൊരു ചുമരിൽ ചാർക്കോളിൽ വരച്ച ചിത്രത്തി

⇨ ഹിറ്റ്ലറുടെ പടങ്ങളൊത്തിരി കണ്ടെങ്കിലും മുണ്ടുടുത്ത ഹിറ്റ്ലർ ആദ്യകാഴ്ചായിരുന്നു ⇨




ഫോട്ടോ: ജയൻ. പി.എം

ലേക്ക് പെട്ടെന്ന് സൂം ചെയ്തുപോയി. വ്യത്യസ്ത മനുഷ്യരുടെ ക്യൂ അതിനൊപ്പം critiquing of this artwork will not be tolerated എന്ന കാപ്ഷനും. ക്യൂവിന്റെ തുടക്കത്തിൽ മുണ്ടുടുത്ത് നിൽക്കുന്നയാളെ നല്ല മുഖപരിചയമുള്ളതുപോലെ. ദൃഷ്ടി കുറച്ചുനേരം ആ മുഖത്തേക്ക് പതിച്ചങ്ങനെ നിൽക്കെയാണ് 'ഹിറ്റ്ലർ!' എന്നു പറഞ്ഞുപോയത്. മുണ്ടുടുത്ത ഹിറ്റ്ലർ കേരളത്തിലോ!? ഇടതുപക്ഷമനസ്സുള്ള മലയാളിക്ക് സമീപവാസികളെ തിരിച്ചറിഞ്ഞില്ലെങ്കിലും ഫാഷിസ്റ്റ് പ്രതീകമായ ഹിറ്റ്ലറുടെ മുഖം എവിടെയെത്ര ദൂരത്തായാലും പരിചിതമാണ്. ഗൂഗിൾവഴി മുന്നിലേക്ക് വന്നുനിറഞ്ഞ ഹിറ്റ്ലറുടെ പടങ്ങളൊത്തിരി കണ്ടെങ്കിലും മുണ്ടുടുത്ത ഹിറ്റ്ലർ ആദ്യകാഴ്ചായിരുന്നു. തൊട്ടുപിന്നിൽ സ്റ്റാലിനുണ്ട് ആകാശത്തിലേക്ക് കണ്ണുംനട്ട് കുറിപ്പെടുക്കുന്നു. ഏറ്റവുമൊടുവിലുള്ളത് കൊല ചെയ്യപ്പെട്ട ലിബിയൻ ഭരണാധികാരി ഗദ്ദാഫിയാണെന്ന് തോന്നുന്നു.... കേരളത്തിൽ അധികാരത്തിലിരിക്കുന്ന ഇടതുപക്ഷസർക്കാരിനെതിരെ പല വിഷയത്തിലും പ്രതിഷേധങ്ങളും വിമർശനങ്ങളും ദിനേനെ ആളിപ്പടരുമ്പോൾ അതിനോട് അസഹിഷ്ണുതാസമീപനമെടുക്കുന്ന മുഖ്യമന്ത്രിയെ പലരും 'മുണ്ടുടുത്ത മുസോളിനി'യെന്ന് ആക്ഷേപിക്കാറുണ്ട്. എന്തുകൊണ്ട് മുണ്ടുടുത്ത ഹിറ്റ്ലർ എന്ന് ആരുമദ്ദേഹത്തെ വിശേഷിപ്പിക്കുന്നില്ല എന്ന സംശയത്തിനുമുന്നിലേക്കാണ് ഈ ചിത്രമെന്നെ നയിച്ചത്. വിമർശനങ്ങളെ വകവെച്ചുതരില്ല എന്ന തരത്തിലുള്ള അടിക്കുറിപ്പുമായതോടെ അർത്ഥങ്ങളനവധിയായി വികാസം കൊണ്ടു. ഈ ചിത്രത്തിന് മൂന്ന് നാല് മീറ്റർ പിന്നിലായി കൊച്ചിയിലെ ആദ്യകാലകമ്യൂണിസ്റ്റ് പാർട്ടിസാന്നിധ്യത്തെ ഓർമിപ്പിക്കുന്ന സ. സാന്റോ ഗോപാലൻ മെമ്മോറിയൽ ലൈബ്രറി ആന്റ് റീഡിംഗ് റൂം സ്ഥിതി ചെയ്യുന്നുണ്ട്. ഡി.വൈ.എഫ്.ഐയുടെ ആഫീസും തൊട്ടടുത്തുതന്നെയുണ്ട്. പാർട്ടി/ഭരണവിരുദ്ധതയും വ്യവസ്ഥാവിരുദ്ധതയും എന്തിന് ബിനാലെ വിരുദ്ധചിന്തതന്നെയും ഈ പുലർവെട്ടത്തിലേ വന്നുചേരാൻ ഇതൊന്നുമല്ല കാരണം. സമീപത്തൂടെ അലഞ്ഞുതിരിയുമ്പോൾ അവിടങ്ങളിലെ ചുമരുകളിൽ ആഞ്ഞുപതിഞ്ഞുകിടന്ന ചില പോസ്റ്ററുകളും അതിന് ഹേതുവായെന്ന് വേണമെങ്കിൽ പറയാം.









ഫോട്ടോസ്: ജയൻ. പി.എം

"താക്കീത് ചെയ്യുന്നു/ പറഞ്ഞുപോകരുത് വികസനത്തിന്റെ വെടിക്കെട്ട് നുണകൾ / ഞങ്ങൾ മട്ടാഞ്ചേരി നിവാസികൾ കക്കൂസ് മാലിന്യങ്ങൾ നിറഞ്ഞ വെള്ളമാണ് കുടിക്കുന്നത്"(ഒരു പോസ്റ്റർ). രണ്ടാമത്തേതാണ് നേരിട്ട് ബിനാലെയെ ബാധിക്കുന്നത്. "കൊച്ചിയിലെ ഭൂരഹിതരെ മറന്ന് ബിനാലെയെ കുടിയിരുത്താൻ സമ്മതിക്കില്ല /സർക്കാർ ഭൂമി ആദ്യം ഭൂരഹിതർക്ക് വിതരണം ചെയ്യൂ/എന്നിട്ടാകാം ബിനാലെ സൽക്കാരം/ ബിനാലെക്ക് ആസ്പിൻവാൾ ഉൾപ്പെടെ ആറ് ഏക്കർ ഭൂമി പതിച്ച് കൊടുക്കാനുള്ള സർക്കാർ ശ്രമം ഭൂരഹിതരോടുള്ള വഞ്ചന/ കൊച്ചിയിൽ ഭൂരഹിതർക്ക് നൽകാൻ സർക്കാരിന് ഭൂമിയില്ല.../ബിനാലെക്ക് നൽകാൻ ഏക്കർ കണക്കിന് ഭൂമി /ഭൂരഹിതരെ തെരുവിലിറക്കി ബിനാലെക്ക് ഭൂമി പതിച്ച്കൊടുക്കാനുള്ള സർക്കാരിന്റെ ജനവഞ്ചനാനയത്തെ കൊച്ചിക്കാർ ഒറ്റക്കെട്ടായി ചെറുക്കുക" (മറ്റൊരു പോസ്റ്റർ). ഒരു കുടുംബത്തിന് നിന്ന് തിരിയാൻ പറ്റാത്ത ഇടുങ്ങിയ മുറികളുള്ള ഫോർട്ട് കൊച്ചിയിലെ വീടുകളുടെ നിബിഡതയും അവരുടെ ചുമരുകളിൽത്തന്നെയുള്ള ഈ പോസ്റ്ററുകളും അസമത്വത്തിന്റെ കഥകൾ പലതും പറയാതെ പറയുന്നുണ്ട്.


പ്രതിഷേധങ്ങളെ വകവെക്കാതെ, അടുത്ത വർഷത്തെ ബിനാലെ പ്രവർത്തനത്തിന് രണ്ടുകോടി നൽകാനും സ്ഥിരം വേദിയെന്ന നിലയിൽ ആസ്പിൻവാൾ വിട്ടുകൊടുക്കാനുമുള്ള കേരളസർക്കാറിന്റെ ബജറ്റ് പ്രഖ്യാപനംകൂടി പിന്നാലെ വന്നതോടെ ഈ പോസ്റ്ററുകൾക്ക് അർത്ഥവ്യാപ്തി ഏറുകയാണ്. ആഗോളവൽക്കരണകാലത്തെ കലയുടെ വികാസത്തെയും വിപണിയെയും അതിന്റേതായ തലത്തിൽ അംഗീകരിക്കപ്പെടുമ്പോൾത്തന്നെ, കിടക്കാൻ പോയിട്ട് ചത്താൽ കുഴിച്ചിടാൻ ഒരു തുണ്ട് ഭൂമിയില്ലാത്തവന്റെ ശബ്ദത്തിന് കാതുകൊടുക്കാത്ത രാഷ്ട്രീയാധികാരത്തെ ചോദ്യം ചെയ്യപ്പെടേണ്ടതുണ്ട്. ബിനാലെയുടെ ഭാഗമായുള്ള കൂറ്റൻ ചുമരെഴുത്തുകൾക്കിടയിൽ ഇത്തരം പോസ്റ്ററുകളും പല ചരിത്രവും അടയാളപ്പെടുത്തുന്നു. തോറ്റസമരപ്പന്തലുകളിലെ ജീവിക്കുന്ന നാവാണ് ഈ പോസ്റ്ററുകൾ. ഒരു ട്രസ്റ്റ് നടത്തുന്ന ബിനാലെയ്ക്ക് എല്ലാ തവണയും സർക്കാർ കോടികളാണ് വാരിക്കോരി സഹായിക്കുന്നതെന്നോർക്കണം. കേരളീയ ജീവിതത്തിൽ നീറുന്ന വിഷയങ്ങളൊത്തിരിയുണ്ടായിരിക്കെ മുൻഗണനാക്രമം (priortiy) തീരുമാനിക്കുന്നതിൽ അധികാരിവർഗം കാണിച്ചുകൊണ്ടിരിക്കുന്ന അവ്യവസ്ഥ ഒരു വസ്തുതയാണ്. അതിവിടെയും വേണ്ടുവോളം പ്രകടമാണ്. വാക്കുകളും ചുമർചിത്രങ്ങളും പോസ്റ്ററുകളും കാഴ്ചയും പല വഴിക്കായി മനസ്സിനെ കെട്ടഴിച്ചുവിടുന്നതിനിടയിൽ സമയം സമാഗതമായതോടെ ആസ്പിൻവാളിലുള്ളിലേക്ക് പ്രവേശിച്ചു, യഥാർത്ഥ ബിനാലെയുടെ കാഴ്ചയിൽ മുങ്ങിനിവരാൻ.

## ജലംകൊണ്ട് മുറിവേൽപ്പിക്കുന്ന ഐലൻ കുർദി

ആസ്പിൻവാളെന്ന കൂറ്റൻ കെട്ടിടത്തിനിലുള്ളിലൂടെയും ഗ്രൗണ്ടിലൂടെയും മണിക്കൂറുകൾ നീണ്ട കാഴ്ചക്കറക്കത്തിനൊടുവിൽ ഉച്ചയോടെ കെട്ടിടത്തിന്റെ മുകളിൽ നിന്ന് താഴെയിറങ്ങുമ്പോൾ കണ്ട കാഴ്ച, താഴെ കൂറ്റൻ ഗോഡൗണിന് സമാനമായ ഹാളിൽ വെള്ളം കെട്ടിനിർത്തിയിരിക്കുന്നതാണ്. കാണികൾ പലരും അതിൽ നിന്ന് കാലും കൈയും കഴുകി പുറത്തിറങ്ങുന്നതുപോലെ തോന്നി (ദേഹശുദ്ധിക്കായി മുസ്‌ലീം വിശ്വാസികൾ പള്ളിക്കുളത്തിൽ നിന്ന് വുളു എടുക്കുന്നതുപോലെ). പക്ഷേ, താഴെയെത്തിയപ്പോ

➯ അപ്പോഴാണ് ആ ചുമരിൽ പതിച്ച പ്രദർശനത്തിന്റെ ചുരുക്കക്കുറിപ്പ് വായിച്ചത് ➯






ഴാണ് അതും പ്രതിഷ്ഠാപന (installation) മാണെന്ന് ബോധ്യമായത്. വെള്ളത്തിലൂടെ നടന്ന് പുറത്തേക്കിറങ്ങിയ മധ്യവയസ്കയായ സ്ത്രീയോട് പുറത്തുകാത്തുനിന്ന സഹചാരിയും ഒരു പരിഹാസം മുന്നോട്ടുവെച്ചു- "ഒരു മഴ പെയ്താൽ വെള്ളക്കെട്ടുണ്ടാകുന്ന കൊച്ചിയൊന്നും ഈ കലാകാരൻ കണ്ടിട്ടുണ്ടാവില്ലെന്ന് തോന്നുന്നു." "ഇത് തമാശയല്ല, നിങ്ങളൊന്ന് വെള്ളത്തിലിറങ്ങിയാലേ കാര്യം മനസ്സിലാകൂ" എന്ന് കണിശമായി അതിന് മറുപടി പറഞ്ഞ ആ സ്ത്രീയുടെ മ്ലാനമുഖം എന്നെ സ്പർശിച്ചു. അപ്പോഴാണ് ആ ചുമരിൽ പതിച്ച പ്രദർശനത്തിന്റെ ചുരുക്കക്കുറിപ്പ് വായിച്ചത്. ലോകമുള്ളിടത്തോളം കാലം അഭയാർത്ഥിദുരന്തത്തിന്റെ ക്രൂരചിഹ്നമായി മനസ്സിലേക്കോടിയെത്തുന്ന മുന്നുവയസ്സുകാരൻ ഐലൻ കുർദിയെന്ന സിറിയൻ ബാലന്റെ മരണമാണ് ഇൻസ്റ്റലേഷന്റെ പ്രതിപാദ്യം. (കടൽത്തീരത്ത് ചുവപ്പും നീലയും കുപ്പായമിട്ട പിഞ്ചുകുഞ്ഞിന്റെ കമിഴ്ന്നുകിടക്കുന്ന ശവശരീരത്തിന്റെ ചിത്രം ഓർക്കുക) പ്രശസ്തചിലിയൻ കവി റൗൾ സുരീറ്റയുടെ 'വേദനയുടെ കടൽ' (In the sea of pain) കവിതാശില്പമായിരുന്നു പ്രദർശനം. കൂറ്റൻഹാളിലെ വെള്ളക്കെട്ടിന്റെ അലകൾ മുറിച്ച് പുറത്തേക്കിറങ്ങുന്ന കാണികളുടെ ധ്യാനമൂകമായ മുഖത്ത് ഒന്ന് പൊട്ടിക്കരഞ്ഞുപോയേക്കാവുന്ന ഭാവം. അതോടെ മുട്ടോളമുയരത്തിൽ പാന്റ് കയറ്റിവെച്ച് വെള്ളക്കെട്ടിലേക്ക് കാലെടുത്ത് വെച്ചു ഞാനും. ഇടത്തേ ഭാഗത്തെ കൂറ്റൻ ചുമരിനെ അഞ്ചു ഭാഗങ്ങളാക്കിത്തിരിച്ച് അതിലോരോ വെളുത്ത പ്രതലത്തിലും രണ്ടുവരിവീതം എഴുതിച്ചേർത്തിട്ടുണ്ട് കവിതാശകലങ്ങൾ. "Don't you listen me?/ In the sea of pain" എന്ന ആദ്യവരിയിൽ കണ്ണുടക്കിയപ്പോൾതന്നെ ഉള്ളിലെവിടെയോ ചോര പൊടിയുന്ന പ്രതീതി. നീളമുള്ള ഹാളിന്റെ അങ്ങേത്തലയ്ക്കലേക്ക് നടക്കുമ്പോഴേക്കും Don't you look me?/ In the sea of pain, Don't you see me? / In the sea of pain, Don't you feel me?/ In the sea of pain എന്നീ വരികളെല്ലാം ഞാനറിയാതെ ഉള്ളിലേക്കാവാഹിച്ചുപോയി, വലിയ ഭാരംപോലെ. സ്പർശവും കാഴ്ചയും ജലപ്പരപ്പിന്റെ ഓളവിന്യാസവുമടക്കം പഞ്ചേന്ദ്രിയങ്ങളിലൂടെ കലാസ്വാദനം സാധ്യമാകുമ്പോൾ അതുണ്ടാക്കുന്ന വികാരവിമലീകരണം (കഥാർസിസ്) അപാരംതന്നെയായിരുന്നു. നീറിപ്പിടിക്കുന്ന ഓർമയിലേക്ക് വെളുത്ത കൂറ്റൻ പ്രതലത്തിലെ കുഞ്ഞുവരികൾ ആഞ്ഞു തറയ്ക്കുമ്പോൾ മെഡിറ്ററേനിയൻ കടൽതീരത്ത് ആഞ്ഞടിച്ചുവന്ന അതേ തിരമാലത്തണുപ്പ് മലയാളിയുടെ പാദത്തെയും പുൽകുന്നു. ഒപ്പം ലോകരാഷ്ട്രീയവും അഭയാർത്ഥിപ്രവാഹവും അതുണ്ടാക്കുന്ന നോവുമെല്ലാം ഓർമപ്പെരുക്കമാവുന്നു. ഐലൻ കുർദിയുടെ ഒരു ഫോട്ടോപോലും വെക്കാതെ ഇത്രയും വരികളും പശ്ചാത്തലവും ജലസ്പർശവുമൊക്കെ കാഴ്ചക്കാരനിലുണ്ടാക്കുന്ന ഉൾക്കിടിലം; അതുതന്നെയാകാം ബിനാലെയുടെ അനന്തമായ അനുഭവസാധ്യത. ('ഉൾക്കാഴ്ചകൾ ഉരുവാകുന്നിടം' എന്നായിരുന്നു ഇത്തവണത്തെ ബിനാലെയുടെ പ്രമേയസങ്കൽപ്പംതന്നെ). ജലംകൊണ്ട് മുറിവേൽപ്പിക്കുന്ന ഈ കവിതാശില്പാനുഭവംപോലെ അതിരുകളില്ലാത്ത തീവ്രരാഷ്ട്രീയാനുഭവങ്ങളിലേക്ക് ഏറ്റിക്കൊണ്ടുപോകുന്ന കലാനുഭവങ്ങൾ വേറെയുമൊത്തിരിയുണ്ടായിരുന്നു കൊച്ചി മുസ്രിസ് ബിനാലെയിൽ. ■